## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6038 04/11/2016 ൽ മറുപടിക്ക്

## സർവ്വെ അദാലത്ത്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൽദോ എബ്രഹാം | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സർവ്വെ അദാലത്ത് മുഖേന പരിഹരിച്ച പരാതികളിലെ തെറ്റായ തീരുമാനങ്ങൾ റദ്ദു ചെയ്യുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) 31.05.2010 വരെയുള്ള സർവ്വെ അദാലത്ത് തീരുമാനങ്ങൾ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സർവ്വെ വകുപ്പിൽ നിക്ഷിപ്തമാണ്. സർക്കാർ ഉത്തരവ് (എം.എസ്).200/10/റവന്യൂ തീയതി: 31.05.2010 പ്രകാരം റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിൽ ഭൂമി സംബന്ധിച്ചുള്ള എല്ലാ പരാതികളിലും മേൽ നടപടി സ്വീകരിക്കേണ്ട ചുമതല ബന്ധപ്പെട്ട അഡീഷണൽ തഹസിൽദാർക്ക് നൽകി ഉത്തരവായിട്ടുണ്ട്. |
| (ബി) പ്രസ്തുത തീരുമാനങ്ങൾ റദ്ദുചെയ്യുന്നതിനുള്ള അധികാരം ആർക്കാണെന്നും ആയതിന് നിയമാനുസൃതം സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കാമോ? | (ബി) 31.05.2010 വരെയുള്ള അദാലത്ത് തീരുമാനങ്ങൾ റദ്ദ് ചെയ്യുന്നതിന് സർവ്വെ ഡയറക്ടർക്ക് അപേക്ഷ നൽകേണ്ടതാണ്. ടി തീയതിയ്ക്ക് ശേഷം കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ സംബന്ധിച്ച പരാതി ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർക്ക് നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ